പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4297.

28.6.2012-ൽ
മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ-വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ വിവിധ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് താഴെപ്പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>1. ഹയർസെക്കന്ററി ,ബിരുദ , എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് മികച്ച തൊഴിൽ ലഭ്യമാകുന്ന തരത്തിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അധിക വൈദഗ്ധ്യം സ്വായത്തമാക്കൽ പദ്ധതി ( Additional Skill Acquisition Programme)<br>2. അക്കാഡമിക് സിറ്റി.<br>3. സ്റ്റേറ്റ് അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റീസ് (SAFU)<br>4. ഉന്നത വിദ്യാഭ്യാസ ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ബിരുദതലത്തിലുള്ള വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി. (Scholar Support Programme)<br>5. ആർട്സ് - സയൻസ് - കോളേജുകളിൽ |

പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിനും ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ മേഖലകൾ കണ്ടെത്തിക്കൊടുക്കുന്നതിനുമുള്ള പഠിതാവിനൊപ്പം എന്ന പദ്ധതി ( Walk with a Scholar)

6. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി (CQIP)

(ബി) പുതുതായി ഏതെല്ലാം കേന്ദ്ര സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ആരംഭിക്കുന്നത് ;

(ബി)

1. സാങ്കേതിക സർവ്വകലാശാല.
2. ഐ.ഐ.റ്റി.
3. പോളിടെക്നിക്.
4. മലയാളം സർവ്വകലാശാല
5. ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ്.
6. ഓപ്പൺ സർവ്വകലാശാല .
7. അട്ടപ്പാടി ഗവ.കോളേജ്

(സി) ഓരോന്നും എവിടെയാണെന്നും അതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗിന്റെ ക്യാമ്പസിൽ സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനായി 150 ലക്ഷം രൂപ 2012-13 സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ ഒരു ഐ.ഐ.റ്റി സ്ഥാപിക്കുന്നതിന് 2012-13 സംസ്ഥാന ബഡ്ജറ്റിൽ 500 ലക്ഷം രൂപ സ്ഥലമെടുപ്പിനായി നീക്കിവച്ചിട്ടുണ്ട്. മലയാളം സർവ്വകലാശാല തിരൂരിൽ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2012-13 സംസ്ഥാന ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി

( EFLU ) യുടെ ഓഫ് കാമ്പസ് പാണക്കാട് സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(ഡി) അവയുടെ സ്ഥലമെടുപ്പ്, നിർമ്മാണം, കോഴ്സുകൾ ആരംഭിക്കൽ എന്നിവ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകാമോ ?

(ഡി) സാങ്കേതിക സർവ്വകലാശാലയുടെ സർവ്വകലാശാല ആക്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രാരം പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ ഒരു ഐ.ഐ.റ്റി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ നടുവിൽ ടെക് നിക്കൽ ഹൈസ്കൂൾ ക്യാമ്പസിൽ ഒരു പോളിടെക് നിക്ക് സ്ഥാപിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പോളിടെക് നിക്കിന് സിവിൽ, മെക്കാനിക്കൽ, ആട്ടോമൊബൈൽ എന്നീ 3 ബ്രാഞ്ചുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഒരോ ബ്രാഞ്ചിലും 60 കുട്ടികൾക്ക് വീതം അഡ് മിഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി( EFLU ) യുടെ ഓഫ് കാമ്പസ് പാണക്കാട് സ്ഥാപിക്കുന്നതിനായി INKEL -ന്റെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ